# സി രാധാകൃഷ്ണനെ ആദരിക്കുന്നു

മലയാളത്തിൽ ഇന്ന് ജീവിച്ചിരിക്കുന്ന ഇന്ത്യയിലെത്തന്നെ ഏറ്റവും പ്രമുഖനായ എഴുത്തുകാരിൽ ഒരാളാണ് പൊന്നാനിക്കാരനായ സി രാധാകൃഷ്ണൻ. ജീവിതാനുഭവങ്ങളെ മുൻനിർത്തി ഉയരുന്ന വലിയ ധാർമ്മികവിഷാദങ്ങളും സന്ദേഹങ്ങളുമാണ് അദ്ദേഹത്തിന്റെ സാഹിത്യ ലോകം മുന്നോട്ടു വെയ്ക്കുന്നത്. കേന്ദ്ര സാഹിത്യ അക്കാദമി ഫെലോ ആയി അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ട വിവരം സഹൃദയ ലോകം ഇതിനകം അറിഞ്ഞു കഴിഞ്ഞതാണ്.

ശ്രീ സി രാധാകൃഷ്ണന് **2023 ഫെബ്രു 26 ഞായറാഴ്ച രാവിലെ 9.30 ന്** ഇടശ്ശേരി സാഹിത്യ മന്ദിരത്തിൽ ഒരു ആദരവും അദ്ദേഹത്തിന്റെ രചനാലോകത്തിന്റെ സൗന്ദര്യശാസ്ത്രത്തെ സംബന്ധിച്ച ഒരു സെമിനാറും ഇടശ്ശേരി കലാ പാഠശാല ഒരുക്കുന്നു. ചടങ്ങിൽ ഡോ.സി പി ചിത്രഭാനു മുഖ്യപ്രഭാഷണം നടത്തും. തുടർന്ന് ശ്രീശങ്കരാചാര്യ സംസ്കൃത യൂണിവേർസിറ്റിയിലെ ഗവേഷകയായ പ്രവീണ കെയും കേരള യൂണിവേർസിറ്റി ഗവേഷകനായ പി കൃഷ്ണദാസും സി രാധാകൃഷ്ണന്റെ രചനകളെ സംബന്ധിച്ച രണ്ട് പ്രബന്ധങ്ങൾ അവതരിപ്പിയ്ക്കും.

സി രാധാകൃഷ്ണനെ ആദരിക്കുന്ന ചടങ്ങിൽ സ്വാഗതം ശ്രീ ടി വി ശൂലപാണിയും അദ്ധ്യക്ഷനായി സമിതി പ്രസിഡന്റ് ശ്രീ കെ വി രാമകൃഷ്ണൻ മാഷും ആശംസ പ്രസംഗകരായി ശ്രീ ഇ ജയകൃഷ്ണനും , ശ്രീ സുരേഷ് വാരിയരും ശ്രീ അശോകൻ ഇടശ്ശേരിയും നന്ദി അഡ്വ. ജിസൻ പി ജോസും ആയിരിയ്ക്കും .

ആദരിക്കുന്ന ചടങ്ങ് സമിതി പ്രസിഡന്റ് കെ വി രാമകൃഷ്ണൻ മാഷ് നിർവഹിക്കും.

താങ്കൾ ഇതുവരെയുള്ള നൽകിപ്പോന്ന സഹായങ്ങൾ ആളായും ആവശ്യമുള്ളപ്പോൾ അർത്ഥമായും തുടരണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട്

ഇടശ്ശേരി കലാപാഠശാലയ്ക്കു വേണ്ടി

വിജു നായരങ്ങാടി

പൊന്നാനി

2 ഫെബ്രു. 2023